## പതിമൂന്നാം കേരളനിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2662** **14/02/2013 ൽ മറുപടിക്ക്**

**ഗുണനിലവാരമില്ലാത്ത മരുന്നുകൾ**

**ചോദ്യം**
ശ്രീ. പി. തിലോത്തമൻ

**മറുപടി**
വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകൾ ഗുണനിലവാരമില്ലെന്ന കാരണത്താൽ പിൻവലിച്ച് നശിപ്പിച്ചു കളയുന്നത് സർക്കാരിന്റെ അറിവോടെയാണോ എന്ന വ്യക്തമാക്കുമോ; ഇപ്രകാരം ചെയ്യേണ്ടി വരുന്നതിന്റെ കാരണക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; ഇങ്ങനെ ചെയ്യുന്നതുമൂലം സർക്കാരിനുണ്ടായ നഷ്ടം എത്രയാണെന്ന് വിശദമാക്കുമോ; | (എ) & (ബി) | കമ്പനികൾ വിതരണം ചെയ്യുന്ന മരുന്നുകളിൽ ഗുണനിലവാര പരിശോധനയിൽ പരാജയപ്പെടുന്ന ബാച്ചിൽപ്പെട്ട മരുന്നുകൾ ആശുപത്രികളിൽ വിതരണം ചെയ്യുന്നതു തടയുകയും, ടെണ്ടർ വ്യവസ്ഥപ്രകാരം ഇത്തരം മരുന്നുകൾ വിതരണം ചെയ്യുന്ന കമ്പനികളിൽ നിന്നും നഷ്ടം ഈടാക്കിയും വരുന്നു. അതിനാൽ സർക്കാരിന് നഷ്ടം ഉണ്ടാകാറില്ല.കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിക്കുന്ന മരുന്നുകളുടെ എല്ലാ ബാച്ചുകളും ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാകാറുണ്ട്. കൂടാതെ ഗുണനിലവാര പരിശോധനയ്ക്കുശേഷം ആശുപത്രികളിൽ എത്തിയ മരുന്നുകളിൽ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പരിശോധനയിലോ, മറ്റു |
| ബി) | ഗുണനിലവാരമില്ലാത്തതിനാൽ സർക്കാർ ആശുപത്രികളിൽ എത്തുന്ന മരുന്നുകൾ പിൻവലിച്ച് നശിപ്പിച്ചപ്പോൾ, ഇതിനു മുമ്പേ തന്നെ ഗുണനിലവാരമില്ലാത്ത ഇതേ മരുന്നുകൾ എത്ര രോഗികൾക്ക് നൽകിയിട്ടുണ്ടാകും എന്ന് പരിശോധി ച്ചിട്ടുണ്ടോ; ഇപ്രകാരം | | |

| | | | |
|---|---|---|---|
| | സംഭവിക്കാതിരിക്കാൻ ആശുപത്രി കളിൽ എത്തിക്കുന്നതിനുമുമ്പുതന്നെ ആവശ്യമായ പരിശോധനകൾ നടത്തി മരുന്നുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുവാൻ നടപടി സ്വീകരിക്കുമോ? | | പരാതികളിന്മേലുള്ള പരിശോധനയിലോ ഗുണനിലവാരമില്ല എന്നു കണ്ടാൽ പ്രസ്തുത മരുന്നുകളുടെ വിതരണവും, ഉപയോഗവും ഉടനടി നിറുത്തി വയ്ക്കാറുണ്ട്. 2007-ൽ മെഡിക്കൽ കോർപ്പറേഷൻ നിലവിൽ വരുന്നതിനു മുൻപായി സെൻട്രൽ പർച്ചേയ്സ് കമ്മിറ്റി വാങ്ങിയതും ഉപയോഗ ശൂന്യമായതും കാലാവധി കഴിഞ്ഞതുമായ മരുന്നുകളാണ് മേൽനടപടി സ്വീകരിച്ച് നശിപ്പിക്കാൻ തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ